# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 357** **12.11.2019- ൽ മറുപടിക്ക്**

**സഹകരണ മേഖലയെ ആധുനികീകരിച്ച് ശാക്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.ഐ.ബി. സതീഷ്**<br>**,, ബി.ഡി. ദേവസ്സി**<br>**,, എം. മുകേഷ്**<br>**,, ജെയിംസ് മാത്യു** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സാധാരണക്കാരെയും സ്വയംസഹായ സംഘങ്ങളെയും സംസ്ഥാനത്തെ വാണിജ്യബാങ്കുകൾ അവഗണിക്കുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയെ ആധുനികീകരിച്ച് ഇത്തരത്തിൽപ്പെട്ടവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് കൂടുതൽ ശാക്തീകരിക്കാൻ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന വിധത്തിൽ കേരളത്തിലെ സാധാരണ ജനങ്ങളുടെയും നമ്മുടെ പ്രവാസി സമൂഹത്തിന്റേയും തനത് നിക്ഷേപം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അത്തരത്തിലുള്ള നിക്ഷേപം സമസ്ത മേഖലയുടേയും വികസനത്തിന് ഉപയോഗപ്പെടുന്ന ശക്തമായ സാമ്പത്തിക അടിത്തറ ഉള്ളതും ആധുനിക സേവനങ്ങൾ നൽകാൻ കഴിയുന്നതുമായ ഒരു സംസ്ഥാനതല സഹകരണ ബാങ്ക് രൂപീകരിക്കുക എന്ന സർക്കാർ ലക്ഷ്യം യാഥാർത്ഥ്യമാക്കിക്കൊണ്ട് സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള അനുമതി റിസർവ്വ് ബാങ്കിൽ നിന്നും ലഭിച്ചിട്ടുള്ളതും ആയതിനുള്ള നടപടികൾ അവസാനഘട്ടത്തിലുമാണ്. കോർ ബാങ്കിംഗ് ഉൾപ്പെടെയുള്ള എല്ലാ ആധുനിക സേവനങ്ങളും ഇടപാടുകാർക്ക് ഇതിലൂടെ ലഭിക്കും. |
| (ബി) | ടൂറിസം രംഗത്തും കാർഷിക രംഗത്തും സഹകരണ പ്രസ്ഥാനം വഴി സാധാരണക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ബ്ലേഡ് പലിശക്കാരെ ഉന്മൂലനം | (ബി) | വില്ലേജ് ടൂറിസം, ഫാം ടൂറിസം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനായി ടൂർഫെഡ് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.<br>ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിന് കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" ഗ്രാമീണ ലഘുവായ്പ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആവിഷ്കരിച്ച് |

| | | | |
|---|---|---|---|
| | ചെയ്യാനുള്ള പരിപാടി വിജയം കണ്ടിട്ടുണ്ടോ; | | നടപ്പാക്കുന്നു.<br><br>സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി നെൽ കർഷകരെ തിരികെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും, നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള കാർഷിക മേഖല സംരക്ഷിച്ച് സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശത്തോടെ സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽ കർഷകർക്ക് പലിശരഹിത വായ്പ നൽകുകയും വായ്പയിന്മേലുള്ള പലിശ സംഘങ്ങൾക്ക് സർക്കാർ നൽകുകയും ചെയ്യുന്നു.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് ഗ്രാന്റ്, ഇൻഷുറൻസ് പ്രീമിയം തുക, പ്രോത്സാഹന സഹായം എന്നിവ നൽകിവരുന്നുണ്ട്.<br><br>കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ മേഖലയിൽ, PAPCOS എന്ന സഹകരണ സംഘം രൂപീകരിച്ചു. പ്ലാന്റ് സ്ഥാപിച്ച് നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണിയിൽ എത്തിക്കാൻ നടപടികൾ നടന്നുവരുന്നു. |
| (സി) | സംസ്ഥാനത്തെ ഏറ്റവും ദുർബല ജനവിഭാഗങ്ങളുടെ ഉന്നതി ലക്ഷ്യമാക്കി സംസ്ഥാന പട്ടികജാതി-പട്ടികഗോത്ര സഹകരണ ഫെഡറേഷൻ ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ 2016-17, 2017-18, 2018-19 വർഷങ്ങളിലായി സംസ്ഥാന സർക്കാരിന്റെ പട്ടികജാതി വികസന വകുപ്പ്, സഹകരണ വകുപ്പ് എന്നിവയിൽ നിന്നും പദ്ധതി ധനസഹായങ്ങളുടെ ഇനത്തിൽ 3,96,92,000/- രൂപയുടേയും 2016-17-ൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നും 1,01,09,000/- രൂപയുടേയും, 2019-20-ൽ ഫെഡറേഷന്റെ തനതു ഫണ്ടിൽ നിന്നും 60 ലക്ഷം രൂപയുടേയും പദ്ധതികൾ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ |

| | | | |
|---|---|---|---|
| | | | സംഘങ്ങൾക്കായി നടപ്പാക്കിയിട്ടുണ്ട്. ആയുർധാര ഉൽപ്പന്നങ്ങൾ, വനമാലിക ബ്രാൻഡ് വനവിഭവ ഉൽപ്പന്നങ്ങൾ, അംഗസംഘങ്ങളുടെ ഉൽപ്പന്നങ്ങൾ, ട്രൈഫെഡ് ഉൽപ്പന്നങ്ങൾ മുതലായവയുടെ സംസ്ഥാന/ജില്ലാതല മൊത്ത വിതരണ ഏജൻസികളായി പ്രവർത്തിക്കുന്നതിന് താൽപര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പട്ടികജാതി വിഭാഗക്കാർക്ക് മുൻഗണന നൽകി താമസ സൗകര്യം ഒരുക്കിക്കൊണ്ട് പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്താൽ പണിയുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**